# റിപ്പോർട്ട്

## കേരള പ്ലാന്റേഷൻ എക്സ്പോ 2023

സംസ്ഥാന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 16 മുതൽ 19 വരെ തിരുവനന്തപുരം, കനകക്കുന്ന്, സൂര്യകാന്തി പ്രദർശന ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ നൂറ് സ്റ്റാളുകളിലായാണ് പ്ലാന്റേഷൻ എക്സ്പോ ഒരുക്കിയത്. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ആദ്യ ചുവടുവയ്പ്പ് എന്ന നിലയിൽ സംഘടിപ്പിച്ച പ്ലാന്റേഷൻ എക്സ്പോ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.




തോട്ടം മേഖലയുടെ ഭാവി സുഭദ്രം' എന്ന ഉറപ്പോടു കൂടി കേരളത്തിലെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള ബ്രാൻഡ് ഉയർത്തുന്നതിനും സുപ്രധാന മേഖലകളെ ശക്തിപ്പെടുത്തുന്നതിനുമായാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് നാലുദിവസത്തെ പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിച്ചത്. 'സംസ്ഥാനത്തുടനീളമുള്ള എസ്റ്റേറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചത്.

സംസ്ഥാനത്തെ വ്യവസായ മേഖലയിലെ എംഎസ്എംഇകൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയിലേക്കും വ്യാപിപ്പിക്കുമെന്ന് ബഹു. മന്ത്രി ശ്രീ. പി.രാജീവ് എക്സ് പോ ഉദ്ഘാടന വേളയിൽ പ്രഖ്യാപിച്ചു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് വെബ്സൈറ്റും മെഷിനറി എക്സ്പോ 2023 ലോഗോയും ബഹു. മന്ത്രി പുറത്തിറക്കി. മെഷിനറി എക്സ്പോ 2023 ന്റെ ടീസർ ചടങ്ങിൽ അധ്യക്ഷത വഹിച്ച ബഹു. വട്ടിയൂർക്കാവ് എം.എൽ. എ ശ്രീ. വി.കെ. പ്രശാന്ത് പ്രകാശനം ചെയ്തു.




സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത തോട്ടങ്ങൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള വ്യാപാരികൾ, വിതരണക്കാർ, സേവന ഉപകരണദാതാക്കൾ എന്നിവരാണ് എക്സ്പോയിൽ പങ്കെടുത്തത്. ഈ മേഖലയിലെ കേന്ദ്രസംസ്ഥാന സ്ഥാപനങ്ങളുടെ ഇൻഫർമേഷൻ കൗണ്ടറുകളും എക്സ്പോയിൽ ഉണ്ടായിരുന്നു. സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ 100 സ്റ്റാളുകളിലാണ് എക്സ്പോ ഒരുക്കിയത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരുന്നു.



വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്, ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസറുമായ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, റിയാബ് ചെയർമാൻ ഡോ. ആർ. അശോക്, അസോസിയേഷൻ ഒാഫ് പ്ലാന്റേഴ്സ് കേരള ചെയർമാൻ ശ്രീ. എ.കെ. ജലീൽ, വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർമാരായ ശ്രീ. കെ.സുധീർ, ശ്രീ. പി.എസ്. സുരേഷ്കുമാർ, കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്. തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## കാർബൺ ട്രേഡിംഗ് സെമിനാർ

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. 2023 ഫെബ്രുവരി 13 ന് എറണാകുളം ക്രൗൺ പ്ലാസ ഹോട്ടലിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐഎഎസ് വീഡിയോ കോൺഫറൻസിങ്ങിലൂടെ സംബന്ധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറും പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെൻറ് ഡയറക്ടർ പ്രൊഫസർ. രാകേഷ് മോഹൻ ജോഷി, അസോസിയേഷൻ ഓഫ് കേരള ചെയർമാൻ ശ്രീ. എ. കെ. ജലീൽ, ഫിക്കി കേരള ഘടകം കോ ചെയർ ശ്രീ. വി. പി. നന്ദകുമാർ, സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ അംഗം ശ്രീ. വെങ്കിട്ടരാമൻ ആനന്ദ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. പി. എസ്. സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.







കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ പ്രമുഖ സംരംഭകർ പങ്കെടുത്ത പ്രസ്തുത സെമിനാറിൽ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച വിഷയങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരും

ഫാക്കൽറ്റികളും അവതരിപ്പിച്ചു . കാർബൺ ട്രേഡിംഗിലെ ഏറ്റവും പുതിയ പ്രവണതകളെയും രീതികളെയും കുറിച്ചുള്ള സമഗ്രമായ ചർച്ച നടന്ന സെമിനാറിൽ ട്രേഡിംഗ് പ്രക്രിയകൾ, വിപണിയിലെ പുതിയ പ്രവണതകൾ, കാർബൺ ട്രേഡിംഗ് സമ്പദ്‌വ്യവസ്ഥ, നിയമ നയങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. കാർബൺ ക്രെഡിറ്റ് പ്രക്രിയയെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും നടപ്പാക്കുന്നതിലെ ഘട്ടങ്ങളെക്കുറിച്ചും സമഗ്രമായ ധാരണ നൽകുക എന്നതാണ് സെമിനാർ ലക്ഷ്യമിട്ടത്. ഈ മേഖലയിലെ വിവിധ സംഘടനകളിൽ നിന്നായി 150 ൽപ്പരം പ്രതിനിധികൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.





ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധ ശ്രീനിവാസൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള മാനേജിംഗ് ഡയറക്ടർ ഡോ. ജെയിംസ് ജേക്കബ്, വരാഹ ക്ലൈമറ്റ് ആഗ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകനും സിഇഒയുമായ ശ്രീ. മധുർ ജെയിൻ, ക്രെഡ്യൂസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറും ആയ ശൈലേന്ദ്ര സിംഗ് റാവു തുടങ്ങിയ വിദഗ്ധർ സെഷനുകൾക്ക് നേതൃത്വം നൽകി.